പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 4563 — 18/05/2017 ൽ മറുപടിയ്ക്ക്

## വാമനപുരം നിയോജക മണ്ഡലത്തിൽ ഖാദി ബോർഡിനു കീഴിൽ വ്യവസായ യൂണിറ്റുകൾ

ചോദ്യം

ശ്രീ.ഡി.കെ.മുരളി

ഉത്തരം

ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വാമനപുരം നിയോജക മണ്ഡലത്തിൽ ഖാദി ബോർഡിനു കീഴിൽ എത്ര വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്; അവ എവിടെയൊക്കെയെന്ന് വിശദീകരിക്കാമോ; | (എ) | കേരള ഖാദി ഗ്രാമവ്യവസായ ബോർഡിനു കീഴിൽ വാമനപുരം നിയോജക മണ്ഡലത്തിൽ 4 ഖാദി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.<br>1. വെഞ്ഞാറമൂട് വലിയകട്ടയക്കാൽ ഗണപതിപുരത്ത് ഖാദി നൂൽ നൂല്പ് കേന്ദ്രവും ഖാദി നെയ്ത്ത് കേന്ദ്രവും നോട്ട്ബുക്ക് നിർമ്മാണ കേന്ദ്രവും<br>2. കതിരുവിളയിൽ ഖാദി നെയ്ത്ത് കേന്ദ്രം<br>3. പേരയത്ത് ഖാദി നൂൽ നൂൽപ്പ് കേന്ദ്രവും ഖാദി നെയ്ത്ത് കേന്ദ്രവും<br>4. കാലങ്കാവിൽ ഖാദി നൂൽ നൂൽപ്പ് കേന്ദ്രം |
| (ബി) | നിർജ്ജീവമായ യൂണിറ്റുകൾ ഉണ്ടെങ്കിൽ അവ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ; | (ബി) | കല്ലറയിൽ ഖാദി നൂൽ നൂൽപ്പ് കേന്ദ്രം പ്രവർത്തിച്ചിരുന്നു. തൊഴിലാളി കളുടെ അഭാവം നിമിത്തം കഴിഞ്ഞ 12 വർഷമായി പ്രസ്തുത യൂണിറ്റ് പ്രവർത്തിക്കുന്നില്ല. |
| (സി) | നിർജ്ജീവ യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ? | (സി) | നൂല്പിന് തൊഴിലാളികളെ ലഭിക്കാത്തതിനാലാണ് യൂണിറ്റ് പ്രവർത്തിക്കാതിരിക്കുന്നത്. ആവശ്യമായ തൊഴിലാളികളെ ലഭിക്കുന്ന മുറയ്ക്ക് യൂണിറ്റ് പുനരുജ്ജീവിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ